# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279   ഇമെയിൽ: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 39/2021 (ചൊവ്വാഴ്ച)** **തീയ്യതി:18.05.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 19.05.2021 | 20.05.2021 | 21.05.2021 | 22.05.2021 | 23.05.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 12 | 8 | 5 | 9 | 9 |
| ഉയർന്ന താപനില (°C) | 33 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C) | 27 | 27 | 27 | 27 | 27 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 62 | 62 | 62 | 62 | 62 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 8 | 12 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 250 | 250 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 7 | 8 | 7 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരും ദിവസങ്ങളിൽ ചാറ്റൽ മഴയ്ക്ക് സാധ്യത . കൂടിയ താപനില 34°C വരെയും കുറഞ്ഞ താപനില 27°C വരെയും പ്രതീക്ഷിക്കുന്നു

**പൊതു നിർദ്ദേശങ്ങൾ**: രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി കാലവർഷത്തിനു മുൻപ് തന്നെ കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

**കാർഷിക നിർദ്ദേശങ്ങൾ**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| ചെറുധാന്യങ്ങൾ | നടീൽ രീതികൾ | ചെറുധാന്യങ്ങൾ ഏപ്രിൽ -ജൂൺ മാസങ്ങൾ ആണ് നടീലിനു ഉചിതം .വിത്ത് വഴി ആണ് ചെറുധാന്യങ്ങളുടെ പ്രജനനം .നല്ലവണ്ണം കിളച്ചോ ഉഴുതോ നിലമൊരുക്കണം .മണ്ണിന്റെ അമ്ലഗുണമനുസരിച് കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് 1 -3 kg സെന്റിന് എന്ന തോതിൽ ചേർത്തുകൊടുക്കണം .തുടർന്ന് 100 kg cent നു എന്ന തോതിൽ ജൈവവളം ചേർക്കണം .അടിവളം നടീൽ സമയത്തു തന്നെ ചേർക്കുക .<br>• വിത്ത് നിരക്ക്<br>റാഗി - 6 -10 kg / acre<br>മക്കച്ചോളം - 8 kg / acre<br>മണിച്ചോളം - 5 - 6 kg / acre |

| | | |
|---|---|---|
| ഇഞ്ചി | ചീച്ചിൽ രോഗം | ഇഞ്ചിയുടെ തണ്ടിൽ ,മണ്ണിനോട് ചേർന്ന ഭാഗത്തു വെള്ളത്തിൽ കുതിർന്നതുപോലെയുള്ള ലക്ഷണം കാണാം .ആ ഭാഗം പിന്നീട് ചീഞ്ഞു പോവുകയും ഇതിന്റെ ഫലമായി ഇഞ്ചിയുടെ ചിനപ്പുകൾ ചീഞ്ഞു പോകുന്നു.<br><br>രോഗബാധ കൂടുതലായും കണ്ടുവരുന്ന സ്ഥലങ്ങളിൽ കോപ്പർ ഓക്സി ക്ലോറൈഡ് 50 WP (2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് 50 WP (1 .5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ) അല്ലെങ്കിൽ ബോർഡോ മിശ്രിതം (ഒരു ശതമാനം വീര്യം )മെയ് -ജൂൺ മാസങ്ങളിലും ഓഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിലും തളിക്കണം .മഴക്കാലം നീണ്ടു നിന്നാൽ ഒക്ടോബര് -നവംബർ മാസങ്ങളിൽ ഒരു തവണകൂടി തളിക്കണം |
| വെള്ളരിവർഗ്ഗ വിളകൾ | കായീച്ച | വെള്ളരിവർഗ്ഗ വിളകളിലെ കായീച്ചകളെ നിയന്ത്രിക്കാൻ ക്യൂലൂർ ഫിറമോൺ കെണി 15 സെന്റിന് ഒന്ന് എന്ന കണക്കിൽ വച്ച് കൊടുക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | കുരുമുളകിൽ ദ്രുതവാട്ടരോഗത്തിനുള്ള സാധ്യതയുള്ളതിനാൽ ചാണകവും വേപ്പിൻ പിണ്ണാക്കും ഇളക്കി ചേർത്ത് ട്രൈക്കോഡെർമ വളർത്തിയെടുത്ത മിശ്രിതം ഒരു മൂടിന് 5 കി. ഗ്രാം എന്ന തോതിൽ ഇട്ടുകൊടുക്കുക.ഇതിനായി 1-2 കിലോഗ്രാം ട്രൈക്കോഡെർമ, 90 കിലോഗ്രാം ചാണകപ്പൊടി, 10 കിലോഗ്രാം വേപ്പിൻ പിണ്ണാക്ക് ഇവയുമായി കൂട്ടിക്കലർത്തി വെള്ളം തളിച്ച് ഇളക്കി തണലുള്ള സ്ഥലത്തു ചെറു കൂനയാക്കി പോളിത്തീൻ ഷീറ്റ് ഉപയോഗിച്ച് മൂടിയിടുക. ഒരാഴ്ചക്ക് ശേഷം ഈ മിശ്രിതം വീണ്ടും ഇളക്കി ആവശ്യത്തിന് വെള്ളം തളിച്ച് കൂനയാക്കി ഒരാഴ്ച കൂടി മൂടിയിടുക. ഇപ്രകാരം തയ്യാറാക്കിയ ട്രൈക്കോഡെർമ വിറിഡെ മിശ്രിതം ഉപയോഗിക്കാവുന്നതാണ് |